## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 502
## 13.01.2021-ന് മറുപടി നൽകേണ്ടത്

## യുവസംരംഭകർക്ക് കെ.എഫ്.സി. നൽകുന്ന സഹായങ്ങൾ

| ചോദ്യം<br>ശ്രീ. വി.ടി.ബൽറാം എം.എൽ.എ | | മറുപടി<br>ഡോ.റ്റി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | യുവസംരംഭക വ്യവസായികൾക്ക് സംരംഭം തുടങ്ങുവാൻ കെ.എഫ്.സി. നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്; | മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി യുവസംരംഭകർക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനായി പരമാവധി 50 ലക്ഷം രൂപ വരെയാണ് വായ്പ നൽകുന്നത്. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്കും ഇതിന് അപേക്ഷിക്കാം. പദ്ധതി ചെലവിന്റെ പരമാവധി 90% വരെയാണ് വായ്പ നൽകുന്നത്. ഇതിന് സർക്കാർ സബ്സിഡിയായ 3% കുറച്ച് 7% പലിശ മാത്രമാണ് ഈടാക്കുന്നത്. നോർക്ക ശുപാർശയുമായി വരുന്ന പ്രവാസികൾക്ക് 22.50 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 3% റിബേറ്റിന് ശേഷം 4% പലിശ മാത്രമേ ഈടാക്കുന്നുള്ളൂ.<br><br>ഇതിനു പുറമേ കേരളാ സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ ജാമ്യത്തിന്റെ പിന്തുണയോടെ ഈടില്ലാത്ത വായ്പ നൽകാനായി താഴെപ്പറയുന്ന 3 പദ്ധതികൾ നിലവിലുണ്ട്. 9% പലിശയിൽ 2% സബ്സിഡി കേരളാ സ്റ്റാർട്ടപ്പ് മിഷൻ നൽകും. ഫലത്തിൽ പലിശ 7%.<br>1. സർക്കാർ, പൊതുമേഖല അല്ലെങ്കിൽ പ്രസിദ്ധ പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള പർച്ചെയ്സ് ഓർഡറിന്റെ അടിസ്ഥാനത്തിൽ അവരുടെ സമ്മതത്തോട്ടുകൂടി പ്രവർത്തന മൂലധനത്തിനുള്ള വായ്പ. പരമാവധി |

| | | |
|---|---|---|
| | | വായ്പതുക 10 കോടി രൂപ.<br><br>2 യു.എൻ.ഒ. നിർദ്ദേശിച്ചിട്ടുള്ള സാമൂഹ്യ പ്രസക്തിയുള്ളതും സർക്കാർ വകുപ്പുകൾക്ക് ആവശ്യമുള്ളതുമായ ഉൽപന്ന നിർമ്മാണ സംരംഭങ്ങൾക്കുള്ള വായ്പ. പരമാവധി വായ്പാത്തുക ഒരു കോടി രൂപ.<br><br>3. Sebi Accreditation Venture Capital Fund ന്റെ കൃത്യ പരിശോധന കഴിഞ്ഞതും മൂലധന നിക്ഷേപം ഉറപ്പായതുമായ ഐ.റ്റി. കമ്പനികൾക്കുള്ള വായ്പ. പരമാവധി വായ്പത്തുക 10 കോടി രൂപ. |
| (ബി) | സ്വന്തമായി ഓഫീസില്ലാതെ വീട്ടിലിരുന്ന് കമ്പ്യൂട്ടർ വഴി സംരംഭം നടത്തുന്നതിന് ഈടില്ലാതെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി 1 ലക്ഷം രൂപവരെ ഈട് രഹിത വായ്പ പദ്ധതി കെ.എഫ്.സി. നൽകുന്നുണ്ട്. ക്രെഡിറ്റ് ഗ്യാരന്റി കവറേജിന്റെ പിന്തുണയോടെയാണ് ഇത് നൽകുന്നത്. 18 നും 50 നും ഇടയിൽ പ്രായമുള്ള സ്ഥിരജോലിയില്ലാത്തവർക്കാണ് വായ്പയുടെ പ്രയോജനം ലഭ്യമാകുക. തിരിച്ചടവ് കാലാവധി പരമാവധി 3 വർഷമാണ്. ആഴ്ചതോറുമാണ് അടവ്. സ്വന്തമായി ഓഫീസില്ലാതെ വീട്ടിലിരുന്ന് കമ്പ്യൂട്ടർ വഴി സംരംഭം നടത്തുന്നവർക്കും ഇത് പ്രയോജനപ്പെടുത്താം. ഉദ്യം രജിസ്ട്രേഷൻ നിർബന്ധമാണ്. |
| (സി) | വിദേശത്ത് നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്നവർക്ക്, കെ.എഫ്.സി. യിൽനിന്ന് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദാരമായ സഹായം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | വിദേശത്ത് നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 22.50 ലക്ഷം രൂപവരെ കെ.എഫ്.സി വായ്പ നൽകുന്നുണ്ട്. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നൽകുന്നത്. 10% പലിശയുള്ള വായ്പകൾക്ക് 3% സർക്കാർ സബ്സിഡിയും 3% നോർക്ക റിബേറ്റും കഴിച്ച് 4% പലിശ മാത്രമേ സംരംഭകനിൽ നിന്ന് ഈടാക്കുന്നുള്ളൂ. നോർക്കയിൽനിന്നുള്ള ശുപാർശയുമായി വരുന്ന 60 വയസ്സിന് താഴെയുള്ള പ്രവാസികൾക്കാണ് ഇതിന്റെ പ്രയോജനം ലഭ്യമാകുക. |

**സെക്ഷൻ ഓഫീസർ**